ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 11-04-2025**

## പ്രധാനവാർത്തകൾ

1.) പോർച്ചുഗൽ - സ്ലോവാക്യ സന്ദർശനം വിജയകരമായി പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് തിരിച്ചു.

2.) വയനാട് പുനരധിവാസത്തിന് എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് സംസ്ഥാന സർക്കാർ 17 കോടി രൂപ കൂടി നൽകണമെന്ന് ഹൈക്കോടതി നിർദേശം; ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്നും ഹൈക്കോടതി.

3.) ചിക്കൻഗുനിയ വ്യാപനത്തിനെതിരെ സംസ്ഥാനത്ത് ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്; കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും നിർദേശം.

4.) സംസ്ഥാനത്ത് വിഷു- ഈസ്റ്റർ സഹകരണ വിപണികൾ സജീവം.

5.) തമിഴ്നാട്ടിൽ എഐഎഡിഎംകെ വീണ്ടും എൻഡിഎയിൽ ചേർന്നു. പ്രഖ്യാപനം നടത്തി മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ.

6.) ശബരിമലയിൽ പൈങ്കുനി ഉത്സവത്തിന് ഇന്ന് കൊടിയിറങ്ങും; ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് ഘോഷയാത്രക്ക് തുടക്കം.

********************

RNU TVPM

## രാഷ്ട്രപതി സന്ദർശനം

പോർച്ചുഗൽ - സ്ലൊവാക്യ സന്ദർശനം വിജയകരമായി പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് തിരിച്ചു. ഇന്ന് സ്ലൊവാക്യയിലെ ബ്രാറ്റിസ്ലാവയിൽ ഇന്ത്യൻ വ്യവസായ പ്രതിനിധി സംഘത്തിലെ അംഗങ്ങളുമായി സംവദിച്ച ശേഷമാണ് രാഷ്ട്രപതി ഇന്ത്യയിലേക്ക് മടങ്ങിയത്.

********************

## വയനാട്- ഹൈക്കോടതി

വയനാട് പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ സംസ്ഥാന സർക്കാരിന് ഹൈക്കോടതി നിർദേശം. നേരത്തെ സർക്കാർ നിശ്ചയിച്ച 26 കോടി രൂപയ്ക്ക് പുറമെയാണ് ഇത്. അതേസമയം ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്നും കോടതി വ്യക്തമാക്കി. കൂടുതൽ പണം ആവശ്യപ്പെട്ട് എൽസ്റ്റൺ നൽകിയ ഹർജിയിലാണ് ഇടക്കാല ഉത്തരവ്.

********************

## ആരോഗ്യമന്ത്രി - ചിക്കൻഗുനിയ

ആഫ്രിക്കയുടെ കിഴക്കുള്ള ഫ്രഞ്ച് അധിനിവേശ പ്രദേശമായ റീയൂണിയൻ ദ്വീപുകളിൽ ചിക്കൻഗുനിയ വ്യാപനമുണ്ടായ സാഹചര്യത്തിൽ കേരളത്തിലും ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊര്ജിതമാക്കാൻ ജില്ലകൾക്ക് നിർദേശം നൽകിയതായും ആരോഗ്യമന്ത്രി പറഞ്ഞു. വ്യക്തിഗത സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നും രോഗലക്ഷണങ്ങളുണ്ടായാൽ ഉടൻ തന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

********************

RNU TVPM

## വിഷു- ഈസ്റ്റർ സഹകരണ വിപണി

കൺസ്യൂമർഫെഡിൻറെ ഇക്കൊല്ലത്തെ വിഷു- ഈസ്റ്റർ സഹകരണ വിപണികൾക്ക് ഇന്ന് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ തിരുവനന്തപുരത്ത് നിർവഹിച്ചു. പത്ത് ശതമാനം മുതൽ മുപ്പത്തഞ്ചു ശതമാനം വരെ വിലക്കുറവിലാണ് സാധനങ്ങൾ ലഭ്യമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ മാസം 21 വരെയാണ് വിഷു- ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.

*********************

## സ്പെഷ്യൽ ട്രെയിൻ-വിഷു

വിഷുക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ബംഗളൂരു SMVT സ്റ്റേഷനിൽ നിന്ന് എറണാകുളം വരെയും തിരിച്ചും പ്രത്യേക ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തി ദക്ഷിണ റെയിൽവേ. ഈ മാസം 12 ന് SMVT ബംഗളൂരുവിൽ നിന്നും തിരിച്ച് 14 ന് എറണാകുളത്ത് നിന്ന് സർവ്വീസ് നടത്തുന്ന രീതിയിലാണ് ക്രമീകരണം.

RNU TVPM

*********************

## വിഷു-റംസാൻ - കാർണിവൽ

സുസ്ഥിര തൃത്താല പരിപാടിയുടെ ഭാഗമായി സംഘടപ്പിക്കുന്ന വിഷു-റംസാൻ കാർഷിക കാർണിവലിന് പാലക്കാട് നാഗലശ്ശേരി വാഴക്കാട് പാടശേഖരത്തിൽ തുടക്കമായി. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കാർണിവലിന്റെ സമാപന സമ്മേളനം ഞായറാഴ്ച മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്യും.

*********************

## വൃത്തി കോൺക്ലേവ് (ഇൻട്രോ)

ദൈനംദിന ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ക്രോഡീകരിക്കാനുമായി വെബ് പോർട്ടൽ ഒരുക്കി പാലക്കാട് നഗരസഭ. തിരുവനന്തപുരത്ത് നടന്ന വൃത്തി കോൺക്ലേവിൽ പദ്ധതി വിശദീകരിക്കാൻ നഗരസഭയ്ക്ക് അവസരം ലഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.
(വോയ്സ്)

*********************

## ശുചിത്വ സാഗരം-കോഴിക്കോട്

സംസ്ഥാനത്തെ കടലോരങ്ങളെ മാലിന്യമുക്തമാക്കി മനോഹരമാക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കടൽ മാലിന്യമുക്തമാക്കാനുള്ള ശ്രമത്തിൽ എല്ലാവരും പങ്കുചേരണമെന്നും പ്ലാസ്റ്റിക് വിപത്തിനെതിരെയുള്ള ജനകീയ പോരാട്ടമാണിതെന്നും അദ്ദേഹം പറഞ്ഞു. ജില്ലയിൽ ചാലിയം മുതൽ അഴിയൂർ വരെ നടന്ന ശുചീകരണ പ്രവർത്തനങ്ങളിൽ 2076 പേർ പങ്കെടുത്തു.

*********************

## തൊഴിലുറപ്പ് -മന്ത്രി എം ബി രാജേഷ്

തൊഴിലുറപ്പ് പദ്ധതി രാജ്യത്താകെ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ കേരളത്തിന്റേത് ബദൽ മാതൃകയെന്ന് മന്ത്രി എം ബി രാജേഷ്. രാജ്യത്ത് ആദ്യമായി 20 ലക്ഷത്തോളം തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ലോഗോ പ്രകാശനവും വെബ്പോർട്ടൽ ഉദ്ഘാടനവും അംഗത്വ കാർഡ് വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

PNUTVPM

*********************

## പ്രധാനമന്ത്രി

ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ഉന്നമനമാണ് കേന്ദ്രസർക്കാരിന്റെ പ്രഥമ പരിഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*********************

## തമിഴ് നാട് -അമിത് ഷാ

തമിഴ്നാട്ടിൽ എഐഎഡിഎംകെ വീണ്ടും എൻഡിഎയിൽ ചേർന്നു. ചെന്നൈയിൽ AIADMK അധ്യക്ഷൻ എടപ്പാടി പളനിസാമിയുടെ സാന്നിധ്യത്തിൽ ബിജെപി മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷായാണ് പ്രഖ്യാപനം നടത്തിയത്. എടപ്പാടിയുടെ നേതൃത്വത്തിൽ 2026ലെ നിയമസഭ തെരഞ്ഞെടുപ്പിനെ നേരിടുമെന്ന് ശ്രീ അമിത് ഷാ അറിയിച്ചു.

*********************

## മുഖ്യമന്ത്രി-വെള്ളാപ്പള്ളി

SNDP യോഗം സെക്രെട്ടറിയായി 30 വർഷം പിന്നിട്ട വെള്ളാപ്പള്ളി നടേശന് ചേർത്തല യൂണിയൻ ഒരുക്കിയ സ്വീകരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സംഘടനയെ കൂടുതൽ വളർച്ചയിലേക്ക് നയിക്കാൻ ശ്രീ വെള്ളാപ്പള്ളി നടേശൻ നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

PJUTVPM

*********************

## ജോർജ്ജ് കുര്യൻ - കോഴിക്കോട്

കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിട നിർമാണ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. വടകര ജില്ലാ ആശുപത്രിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയാകും. മന്ത്രിമാരായ വീണ ജോർജ്, വി. അബ്ദു റഹിമാൻ, പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും. കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് നിർമാണം നടത്തുന്നത്.

*********************

## പൈങ്കുനി-ശബരിമല(ഇൻട്രോ)

ശബരിമല ക്ഷേത്രത്തിലെ പൈങ്കുനി ഉത്രം മഹോത്സവത്തിൻ്റെ ഭാഗമായുള്ള ആറാട്ടുഘോഷയാത്ര പമ്പയിൽ നിന്ന് സന്നിധാനത്തെത്തി. അൽപസമയത്തിനകം

ഉത്സവം കൊടിയിറങ്ങും.  മേട വിഷു പൂജകൾ പൂർത്തിയാക്കി ഈമാസം 18 നു രാത്രി 10 ന് നട അടയ്ക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

*********************

## പദ്മനാഭസ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ ആരംഭിച്ചു. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ ഇന്ന് രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

*********************

## ഖേലോ ഇന്ത്യ സെലക്ഷൻ

ബീഹാറിൽ നടക്കാനിരിക്കുന്ന 7-ാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ പങ്കെടുക്കാനുള്ള കേരള ടീമുകളുടെ സെലക്ഷൻ ഈ മാസം 14ന് തിരുവനന്തപുരത്ത് ആരംഭിക്കും.  റഗ്ബി ടീമിന്റെ സെലക്ഷൻ 14ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ വച്ചും പെൺകുട്ടികളുടെ വോളിബോൾ, ബാസ്ക്കറ്റ്ബോൾ ടീമുകളുടെ സെലക്ഷൻ 15ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ചും നടത്തും.

*********************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ചെന്നൈ സൂപ്പർ കിംഗ്സും ഏറ്റുമുട്ടും. പരിക്കേറ്റ് പിന്മാറിയ ഋതുരാജ് ഗെയ്ക്വാദിന് പകരം മുൻ നായകൻ മഹേന്ദ്ര സിംഗ് ധോണിയെ CSK ക്യാപ്റ്റനായി പ്രഖ്യാപിച്ചിട്ടുണ്ട്. രാത്രി 07.30 ന് ചെന്നൈയിലാണ് മത്സരം.

*********************

PNU TVPM

## ഇരവികുളം ദേശീയ ഉദ്യാനം (ഇൻട്രോ)

വരയാടുകളുടെയും നീലക്കുറിഞ്ഞികളുടെയും ആവാസ കേന്ദ്രമായ ഇരവികുളം ദേശീയോദ്യാനത്തിന് 50 വയസ്സ്. 1975 മാർച്ച് 31 നാണ് ആനമുടിയും ചുറ്റുമുള്ള പ്രദേശങ്ങളും ഉൾപ്പെടുന്ന പ്രദേശത്തെ വന്യജീവി സങ്കേതമായി സർക്കാർ പ്രഖ്യാപിച്ചത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

**( വോയിസ്.... )**

*********************

## എക്സാലോജിക് പ്രതികരണം

എക്സാലോജിക് കേസ് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് സിപിഐ -എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. വിഷയത്തിൽ ബാങ്ക് വഴിയുള്ള സുതാര്യമായ സാമ്പത്തിക ഇടപാടാണ് നടന്നതെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, സിപിഎം അഴിമതിയുടെ കറപുരണ്ടിരിക്കുന്ന പാർട്ടിയാണെന്നും മകൾക്കെതിരെ ഗുരുതര ആരോപണമുണ്ടായ സാഹചര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദവിയിൽ നിന്ന് മാറി നിൽക്കണമെന്നും ബിജെപി സംസ്ഥാന ഉപാദ്ധ്യക്ഷ ശോഭ സുരേന്ദ്രൻ ആവശ്യപ്പെട്ടു.

*********************

************

***

PNU TVPM